## പതിനഞ്ചാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

### 2025-2026 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റ് സംബന്ധിച്ച ഉപക്ഷേപങ്ങൾ

( 2025 മാർച്ച്, 04- ാം തീയതി ചർച്ചയ്ക്ക് വരുന്നത്)

| ധനാഭ്യർത്ഥനയുടെ നമ്പർ | | ധനാഭ്യർത്ഥനയുടെ പേര് |
|---|---|---|
| II | | സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ |
| III | | നീതിന്യായ നിർവ്വഹണം |

**ധനാഭ്യർത്ഥന നമ്പർ II - സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ**

**സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക 6,85,24,40,000 രൂപ.**

**നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ**

ധനാഭ്യർത്ഥനാ ലിസ്റ്റിലെ പേജ് 2 - 3

സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,85,24,40,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്.

ശ്രീ. പി. അബ്ദുൽ ഹമീദ് :

1. (സെക്രട്ടറിയേറ്റ് അടക്കമുള്ള വിവിധ വകുപ്പുകളിൽ ഫയലുകളിന്മേൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതായും ആയത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കാത്തതായും പറയപ്പെടുന്ന വിഷയം ചെയ്യുന്നതിന്. )

ശ്രീ. പി. കെ. ബഷീർ :

2. (സർക്കാർ ഓഫീസുകളിൽ അഴിമതികളും ക്രമക്കേടുകളും നിലനിൽക്കുന്നതായും അത് ഇല്ലാതാക്കുവാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന് )

ശ്രീ. മോൻസ് ജോസഫ് :

3. (സംസ്ഥാനത്ത് ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നിലനിൽക്കുന്നതായും ചെലവ് ചുരുക്കൽ നടപടികൾ അത്യന്താപേക്ഷിതമാണെന്നും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്. )

322/25

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :

4. (സാമ്പത്തിക പ്രതിസന്ധി മൂലം വിവിധ ക്ഷേമപെൻഷനുകളും മറ്റ് ആനുകൂല്യങ്ങളും മാസങ്ങളായി മുടങ്ങിക്കിടക്കുന്നതായി പറയപ്പെടുന്ന സാഹചര്യത്തിലും പിഎസ്‌സി ചെയർമാന്റെയും അംഗങ്ങളുടെയും ശമ്പളവും ആനുകൂല്യങ്ങളും വർദ്ധിപ്പിച്ചതു സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്. )

ഡോ. എം. കെ. മുനീർ :

5. (സാമ്പത്തിക പ്രതിസന്ധി നിലനിൽക്കുന്നതായി പറയപ്പെടുന്ന സാഹചര്യത്തിലും പി.എസ്.സി. ചെയർമാൻ, അംഗങ്ങൾ എന്നിവരുടെയും ഡൽഹിയിലെ സർക്കാർ പ്രതിനിധിയുടെയും അലവൻസുകൾ വർദ്ധിപ്പിച്ചു നൽകുവാൻ തീരുമാനിച്ചതു സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്. )

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

6. (കടുത്ത സാമ്പത്തിക പ്രതിസന്ധി നിലനിൽക്കുന്നതായി പറയപ്പെടുന്ന സാഹചര്യത്തിലും പബ്ലിക് സർവീസ് കമ്മീഷൻ ചെയർമാന്റെയും അംഗങ്ങളുടെയും വേതനം ഉയർത്തി നൽകിയത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്. )

ശ്രീ. കെ. പി. എ. മജീദ് :

7. (സർക്കാർ ഓഫീസുകളിൽ അനുഭവപ്പെടുന്ന കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്. )

ശ്രീ. എൻ. എ. നെല്ലിക്കുന്ന് :

8. (നവകേരള സദസ്സിൽ ലഭിച്ച അപേക്ഷകളിന്മേൽ തീരുമാനമെടുക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്. )

ഡോ. മാത്യു കുഴൽനാടൻ :

9. (നവകേരള സദസ്സിൽ ലഭിച്ച പരാതികളിന്മേൽ തീർപ്പു കൽപ്പിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്. )

ശ്രീ. എൻ. ഷംസുദ്ദീൻ :

10. (മതാടിസ്ഥാനത്തിൽ വാട്ട്സാപ്പ് ഗ്രൂപ്പ് ഉണ്ടാക്കിയ ഐ.എ.എസ്. ഉദ്യോഗസ്ഥനെതിരെ സ്വീകരിച്ച നടപടി പിൻവലിച്ചതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്. )

ശ്രീ. മഞ്ഞളാംകുഴി അലി :

11. (സ്വന്തം പദവിക്ക് ചേരാത്തവിധം ഉന്നത ഐ.എ.എസ്. ഉദ്യോഗസ്ഥൻ മതാടിസ്ഥാനത്തിൽ വാട്ട്സാപ്പ് ഗ്രൂപ്പുകൾ ഉണ്ടാക്കിയ സംഭവം ആവർത്തിക്കാതിരിക്കാൻ മാതൃകാപരമായ നടപടി സ്വീകരിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്. )

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :

12. (സിവിൽ സർവീസ് ഉദ്യോഗസ്ഥർ മതാടിസ്ഥാനത്തിൽ വാട്ട്സാപ്പ് ഗ്രൂപ്പ് ഉണ്ടാക്കിയതായും ഉന്നത സിവിൽ സർവീസ് ഉദ്യോഗസ്ഥർക്കിടയിൽ ചേരിപ്പോര് നിലനിൽക്കുന്നതായും ഈ സാഹചര്യം ഭരണസംവിധാനത്തിൽ പ്രതിസന്ധി ഉണ്ടാക്കിയിട്ടുള്ളതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്. )

ശ്രീ. യു. എ. ലത്തീഫ് :

13. (സർക്കാർ സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും മുസ്ലീം, പിന്നാക്ക-ദളിത് വിഭാഗത്തിൽപ്പെട്ടവർക്ക് മതിയായ പ്രാതിനിധ്യം ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്. )

ശ്രീ. നജീബ് കാന്തപുരം :

14. (ജാതി സെൻസസ് നടത്തണമെന്ന ആവശ്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്. )

ശ്രീ. എ. കെ. എം. അഷ്റഫ് :

15. (എൻഡോസൾഫാൻ ദുരിതബാധിതരുടെ എണ്ണം പുനർനിർണ്ണയിക്കണമെന്നും അവർക്ക് നൽകിവരുന്ന സാമ്പത്തിക സഹായം വർദ്ധിപ്പിക്കുകയും കൃത്യമായി വിതരണം ചെയ്യുകയും ചെയ്യണമെന്നുമുള്ള ആവശ്യം ചർച്ച ചെയ്യുന്നതിന്. )

ശ്രീ. പി. ഉബൈദുള്ള :

16. (മുണ്ടക്കൈ - ചൂരൽമല ഉരുൾപൊട്ടലിന്റെ പശ്ചാത്തലത്തിൽ, ദുരിതബാധിതരെ പുനരധിവസിപ്പിക്കാൻ മാതൃകാപരമായ പദ്ധതികൾ നടപ്പിലാക്കുന്നതിൽ കാലതാമസം നേരിടുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്. )

ശ്രീ. ടി. സിദ്ദിഖ് :

17. (മുണ്ടക്കൈ-ചൂരൽമല ദുരന്തത്തിൽ അകപ്പെട്ട ദുരിതബാധിതരുടെ പുനരധിവാസം അടിയന്തരമായി നടപ്പാക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്. )

ശ്രീ. ടി. വി. ഇബ്രാഹിം :

18. (പൗരന്മാരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിൽ പരാജയപ്പെടുന്നതായും അക്രമങ്ങളും അഴിമതിയും വർഗ്ഗീയ ചേരിതിരിവും വ്യാപിക്കുന്നതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്. )

ശ്രീ. അൻവർ സാദത്ത് :

19. (സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ആനുകൂല്യങ്ങൾ കുടിശ്ശിക തീർത്ത് വിതരണം ചെയ്യണമെന്ന ആവശ്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്. )

ശ്രീ. പി. സി. വിഷ്ണുനാഥ് :

20. (സർക്കാർ സ്ഥാപനങ്ങൾ സൂക്ഷിക്കുന്നതും കൈകാര്യം ചെയ്യുന്നതുമായ വ്യക്തിഗത വിവരങ്ങളും വിശദാംശങ്ങളുമടങ്ങിയ ഡാറ്റാബേസ്, ക്ലൗഡ് സംവിധാനങ്ങളുടെ ഭദ്രതയും ദൃഢതയും ഉറപ്പ് വരുത്താൻ സുരക്ഷാ ഓഡിറ്റ് നടത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്. )

ശ്രീ. റോജി എം. ജോൺ :

21. (തൊഴിലില്ലായ്മാ നിരക്ക് വർദ്ധിക്കുന്നതായി പറയപ്പെടുന്ന സാഹചര്യത്തിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള നയസമീപനം സ്വീകരിക്കണമെന്ന ആവശ്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് )

ശ്രീ. എ. പി. അനിൽ കുമാർ :

22. (പി.എസ്.സി. ഉദ്യോഗാർത്ഥികളുടെ ഡാറ്റ ബേസ് / വ്യക്തിഗത വിവരങ്ങൾ ഡാർക്ക് വെബ്ബിൽ ചോർന്നതായും ഇതിനെത്തുടർന്ന് പ്രതിസന്ധി ഉണ്ടായിട്ടുള്ളതായും പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്. )

ശ്രീ. ടി. ജെ. വിനോദ് :

23. (സ്റ്റാറ്റ്യൂട്ടറി പെൻഷൻ പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്. )

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :

24. (വികസന-ക്ഷേമ പ്രവർത്തനങ്ങളെ കാര്യക്ഷമമായി കോർത്തിണക്കിക്കൊണ്ട് ജനക്ഷേമകരമായ ഭരണം നടത്തുന്നതിൽ സർക്കാർ സംവിധാനങ്ങൾ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്. )

ശ്രീ. സണ്ണി ജോസഫ് :

25. (പി.എസ്.സി. പരീക്ഷകൾ സമയബന്ധിതമായി നടത്തി റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിക്കുന്നതിനും, റാങ്ക് ലിസ്റ്റുകളുടെ കാലാവധിക്കുള്ളിൽ ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്ത് പരമാവധി നിയമനം നടത്തുന്നതിനും നടപടി സ്വീകരിക്കാത്തതായും തന്മൂലം ഉദ്യോഗാർത്ഥികൾ പ്രതിസന്ധി നേരിടുന്നതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്. )

ശ്രീ. സനീഷ്കുമാർ ജോസഫ് :

26. (നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിൽ ഭരണസംവിധാനങ്ങൾ പരാജയപ്പെട്ടതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്. )

ശ്രീ. സജീവ് ജോസഫ് :

27. (കടുത്ത സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിലും വിരമിക്കുന്ന ഐ.എ.എസ്. ഉദ്യോഗസ്ഥർക്ക് ഉയർന്ന ശമ്പളത്തിൽ പുനർനിയമനം നൽകുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്. )

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :

28. (മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിലേക്ക് നൽകുന്ന പരാതികളിന്മേൽ യഥാസമയം തീർപ്പ് കൽപ്പിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്. )

ശ്രീ. സി. ആർ. മഹേഷ് :

29. (മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും വിദേശയാത്രകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ സംബന്ധിച്ച വിശദാംശങ്ങളും യാത്രകളിലൂടെ ഉണ്ടായിട്ടുള്ള നേട്ടങ്ങളും വെളിപ്പെടുത്താത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്. )

ശ്രീ. എം. വിൻസെന്റ് :

30. (സർക്കാർ ഓഫീസുകളിൽ അഴിമതിയും ക്രമക്കേടുകളും നിലനിൽക്കുന്നതായും ആയത് അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണമെന്നുമുള്ള ആവശ്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്. )

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

31. (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ വിനിയോഗം കാര്യക്ഷമവും സുതാര്യവും ആക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്. )

ശ്രീ. ചാണ്ടി ഉമ്മൻ :

32. (സേവനാവകാശ നിയമം കാര്യക്ഷമമായി നടപ്പാക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്. )

**മിതവ്യയ വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ**

ശ്രീ. മോൻസ് ജോസഫ് :

33. സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിലുള്ള 6852440000 എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 68,000 രൂപ നീക്കം ചെയ്യേണ്ടതാണ്.

(ധനകാര്യ മാനേജ്മെന്റ് കർശനമായി പാലിക്കാത്തതായി പറയപ്പെടുന്നതും, ഭരണപരമായ ധൂർത്ത്, അനാവശ്യമായ ചെലവുകൾ എന്നിവ നിയന്ത്രിക്കണമെന്നുള്ള ആവശ്യവും ചർച്ചചെയ്യുന്നതിന്. )

**സൂചക വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ**

| | |
|---|---|
| ധനാഭ്യർത്ഥനാ ലിസ്റ്റിലെ പേജ് 2 – 3 | സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,85,24,40,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ്. |

(പൊതുവായി
ചർച്ച
ചെയ്യുന്നതിന് )

34. ശ്രീമതി കെ. കെ. രമ
35. ശ്രീ. പി. കെ. ബഷീർ
36. ശ്രീ. പി. അബ്ദുൽ ഹമീദ്
37. ശ്രീ. മോൻസ് ജോസഫ്
38. ശ്രീ. എ. കെ. എം. അഷ്റഫ്
39. ശ്രീ. കെ. പി. എ. മജീദ്
40. ഡോ. എം. കെ. മുനീർ
41. ശ്രീ. നജീബ് കാന്തപുരം
42. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
43. ശ്രീ. എൻ. ഷംസുദ്ദീൻ
44. ശ്രീ. യു. എ. ലത്തീഫ്
45. ശ്രീ. കുറുക്കോളി മൊയ്തീൻ
46. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
47. ശ്രീ. മഞ്ഞളാംകുഴി അലി
48. ശ്രീ. പി. ഉബൈദുള്ള
49. ശ്രീ. ടി. വി. ഇബ്രാഹിം

<u>ധനാഭ്യർത്ഥന നമ്പർ III - നീതിന്യായ നിർവ്വഹണം</u>

**സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക 11,67,06,99,000 രൂപ.**

**നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ**

| | |
|---|---|
| ധനാഭ്യർത്ഥനാ ലിസ്റ്റിലെ പേജ് 2 - 3 | നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 11,67,06,99,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. |

ശ്രീമതി കെ. കെ. രമ :

1. (കോടതി ഫീസുകൾ വർദ്ധിപ്പിക്കുന്നത് മൂലം സാധാരണക്കാർ ബുദ്ധിമുട്ട് നേരിടുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്. )

ശ്രീ. മഞ്ഞളാംകുഴി അലി :

2. (കോടതി വ്യവഹാരങ്ങളുമായി ബന്ധപ്പെട്ട ഫീസുകളിൽ തുടർച്ചയായി ഉണ്ടാകുന്ന വർദ്ധനവ് സ്ത്രീകൾ ഉൾപ്പെടെ സാമ്പത്തികമായി പിന്നാക്കാവസ്ഥയിലുള്ളവർക്ക് നീതി ലഭ്യമാകുന്നതിന് തടസ്സം സൃഷ്ടിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്. )

ശ്രീ. പി. കെ. ബഷീർ :

3. (സാധാരണ ജനങ്ങൾക്ക് മനസ്സിലാക്കുന്നതിനു വേണ്ടി കോടതിവ്യവഹാരഭാഷ മലയാളമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്. )

ശ്രീ. കെ. പി. എ. മജീദ് :

4. (കോടതി ഭാഷ മലയാളമാക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്. )

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :

5. (രാഷ്ട്രീയ കൊലപാതക കേസുകളിലെ പ്രതികൾക്ക് അനധികൃതമായി പരോൾ അടക്കമുള്ള പരിരക്ഷ നൽകുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്. )

ശ്രീ. മോൻസ് ജോസഫ് :

6. (2025-2026 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിൽ നിതിന്യായ രംഗവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്കായി ഏർപ്പെടുത്തിയിട്ടുള്ള അധിക ഫീസുകൾ കുറവുചെയ്യണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്. )

ശ്രീ. എൻ. ഷംസുദ്ദീൻ :

7. (വിവാദമായ കേസുകളുടെ നടത്തിപ്പിൽ പബ്ലിക് പ്രോസിക്യൂട്ടർമാർ പരാജയപ്പെടുന്നതായി പറയപ്പെടുന്ന വിഷയംചർച്ച ചെയ്യുന്നതിന്. )

ശ്രീ. നജീബ് കാന്തപുരം :

8. (കോടതികളിലെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്. )

ഡോ. എം. കെ. മുനീർ :

9. (പോക്സോ കേസുകൾ വർദ്ധിച്ചുവരുന്നതായി പറയപ്പെടുന്ന സാഹചര്യത്തിൽ അവ തീർപ്പാക്കുന്നതിന് കൂടുതൽ ഫാസ്റ്റ് ട്രാക്ക് കോടതികൾ ആരംഭിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്. )

ശ്രീ. എ. കെ. എം. അഷ്റഫ് :

10. (കോടതികളിൽ കേസുകൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ അവ തീർപ്പാക്കാൻ കൂടുതൽ കോടതികൾ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്. )

ശ്രീ. എൻ. എ. നെല്ലിക്കുന്ന് :

11. (കോടതികളിൽ കേസുകൾ കെട്ടിക്കിടക്കുന്നതായും അവ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്. )

ശ്രീ. യു. എ. ലത്തീഫ് :

12. (റാഗിംഗുമായി ബന്ധപ്പെട്ട കേസുകൾ വർധിച്ചുവരുന്നതായും അവ അടിയന്തരമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്. )

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :

13. (കുട്ടികൾക്കെതിരായ ലൈംഗികാതിക്രമ കേസുകളുടെ വിചാരണ വേഗത്തിൽ പൂർത്തീകരിച്ച് ശിക്ഷ ഉറപ്പാക്കുന്നതിനായി കൂടുതൽ അതിവേഗ പോക്സോ കോടതികൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്. )

ശ്രീ. പി. ഉബൈദുള്ള :

14. (നിയമപരിരക്ഷ നിലനിൽക്കുമ്പോഴും കുട്ടികൾ തുടർച്ചയായി ചൂഷണത്തിന് വിധേയരാവുന്നതായും പോക്സോ കേസുകളിൽ ഉൾപ്പെടെ കുട്ടികളുടെ അവകാശങ്ങൾ ഉറപ്പാക്കുന്നതിൽ പരാജയപ്പെടുന്നതായും പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിന്. )

ശ്രീ. ടി. വി. ഇബ്രാഹിം :

15. (നീതിനിർവ്വഹണത്തിലെ കാര്യക്ഷമതയില്ലായ്മ മൂലം അക്രമക്കേസുകളിൽ പ്രതിയാകുന്നവർക്ക് കടുത്ത ശിക്ഷ നേടിക്കൊടുക്കാൻ സാധിക്കാത്തതായും അവർ വീണ്ടും മന:സാക്ഷിയെ ഞെട്ടിപ്പിക്കുന്ന അക്രമങ്ങൾക്കും കൊലപാതകങ്ങൾക്കും നേതൃത്വം കൊടുക്കുന്ന പ്രവൃത്തികൾ ആവർത്തിക്കുന്നതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്. )

ശ്രീ. സണ്ണി ജോസഫ് :

16. (നിയമസഹായ നിധിയിലേക്ക് പിരിച്ചെടുത്ത തുക വകമാറ്റി ചെലവഴിച്ചതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്. )

ശ്രീ. എ. പി. അനിൽ കുമാർ :

17. (രാഷ്ട്രീയ കൊലപാതക കേസുകളിൽ പ്രതികളായവരെ സംരക്ഷിക്കുന്നതിന് ഖജനാവിൽ നിന്നും വലിയ തുക ചെലവഴിച്ച് നിയമവിദഗ്ധരുടെ സഹായം തേടിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്. )

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

18. (ഇരകൾക്ക് നീതി ലഭിക്കുവാൻ വേണ്ടി നിലകൊള്ളേണ്ട പബ്ലിക് പ്രോസിക്യൂട്ടർമാർ സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ അതിക്രമ കേസുകളിൽ ഉൾപ്പെടെ പ്രതിഭാഗവുമായി ചേർന്ന് കേസുകൾ അട്ടിമറിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന് . )

ശ്രീ.,സി. ആർ. മഹേഷ് :

19. (കടുത്ത സാമ്പത്തിക പ്രതിസന്ധി നിലനിൽക്കുന്നതായി പറയപ്പെടുന്ന സാഹചര്യത്തിലും ഗവൺമെന്റ് പ്ലീഡർമാരുടെ ശമ്പളം വർധിപ്പിച്ചു നൽകിയ വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്. )

## സൂചക വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

| | |
|---|---|
| ധനാഭ്യർത്ഥനാ ലിസ്റ്റിലെ പേജ് 2– 3 | നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 11,67,06,99,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ്. |
| (പൊതുവായി ചർച്ച ചെയ്യുന്നതിന് ) | |

20. ശ്രീ. പി. കെ. ബഷീർ

21. ശ്രീ. പി. അബ്ദുൽ ഹമീദ്

22. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

23. ശ്രീ. എ. കെ. എം. അഷ്റഫ്

24. ശ്രീ. മോൻസ് ജോസഫ്

25. ഡോ. എം. കെ. മുനീർ

26. ശ്രീ. കെ. പി. എ. മജീദ്

27. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

28. ശ്രീ. എൻ. ഷംസുദ്ദീൻ

29. ശ്രീ. യു. എ. ലത്തീഫ്

30. ശ്രീ. കുറുക്കോളി മൊയ്തീൻ

31. ശ്രീ. നജീബ് കാന്തപുരം

32. ശ്രീ. മഞ്ഞളാംകുഴി അലി
33. ശ്രീ. പി. ഉബൈദുള്ള
34. ശ്രീ. ടി. വി. ഇബ്രാഹിം
35. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
36. ശ്രീ. റോജി എം. ജോൺ
37. ശ്രീ. പി. സി. വിഷ്ണുനാഥ്
38. ശ്രീ. അൻവർ സാദത്ത്
39. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
40. ശ്രീ. ടി. ജെ. വിനോദ്
41. ശ്രീ. ചാണ്ടി ഉമ്മൻ
42. ഡോ. മാത്യു കുഴൽനാടൻ
43. ശ്രീ. ടി. സിദ്ദിഖ്
44. ശ്രീ. എം. വിൻസെന്റ്
45. ശ്രീ. സനീഷ്കുമാർ ജോസഫ്
46. ശ്രീ. സജീവ് ജോസഫ്
47. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

കേരള നിയമസഭാ സെക്രട്ടേറിയറ്റ് ,
തിരുവനന്തപുരം,
2025 മാർച്ച്, 02.

**ഡോ. എൻ. കൃഷ്ണ കുമാർ ,**
സെക്രട്ടറി